കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# രാമങ്കരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/എ.എൽ.പി -പി 10-199/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.29.05.2020
ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

രാമങ്കരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : - രാമങ്കരി ഗ്രാമപഞ്ചായത്ത്- 2018 - 19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2018 - 19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ എല്ലാ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി -പി. 10-199/2020 തീയതി.29.05.2020

# ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2019 മുതൽ 31.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | സന്തോഷ് കെ.വി.<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും<br>തസ്തിക വിവരവും |
|---|---|
| 11.02.2020 മുതൽ 20.02.2020 വരെ | ശ്രീമതി. എസ്. എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹഗ്രേ)<br>ശ്രീ. ഉണ്ണികൃഷ്ണൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ലേഖ പി.കെ, ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

**1.പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി മഞ്ജു. ഡി | 01.04.2018 മുതൽ 31.03.2019 വരെ |

**2.സെക്രട്ടറി**

| പേര് | കാലയളവ് |
|---|---|
| ശ്രീ. എസ്. അനിൽകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

3.സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | |
|---|---|---|
| ധനകാര്യം | ശ്രീമതി റ്റി. നളിനി | 01.04.2018 മുതൽ 31.03.2019 വരെ |
| വികസനകാര്യം | ശ്രീമതി ബിന്നിമോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷേമകാര്യം | ശ്രീ വിഷ്ണു വിജയൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീമതി അന്നമ്മ ആന്റണി | 01.04.2018 മുതൽ 31.03.2019 വരെ |

**4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ആശാ ചന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ഡോ. പൂർണ്ണിമ. റ്റി.എ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ചിന്നദുരൈ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ആതിര.എസ് | 01.04.2018 മുതൽ 13.06.2018 വരെ |
| | ഡോ.വിവേക് | 14.06.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.റോസമ്മ.കെ.ബി | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രധാന അധ്യാപകൻ, ഗവ. എൽ.പി.എസ്. | ശ്രീമതി.വി.സി.ലൈല | 01.04.2018 മുതൽ 03.06.2018 വരെ |
| | ശ്രീ.ഉദയകുമാർ | 04.06.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ആശാ രാജ് .ആർ | 01.04.2018 മുതൽ 07.07.2018 വരെ |
| | ശ്രീമതി.ശിഖാരവി എം.പി. | 08.07.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.ആതിര എസ്.കുറുപ്പ് | 01.04.2018 മുതൽ 31.03.2019 വരെ<br>(അഡീ. ചാർജ്ജ്-08.01.2019 മുതൽ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| | | 20.01.2019 വരെ) |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.സുമേഷ് പി.സി. | 01.04.2018 മുതൽ 07.01.2019 വരെ |
| | ശ്രീമതി.പ്രസീത.വി | 21.01.2019 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. രാജി ആർ നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ജെസ്സി വർഗ്ഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1 – 1-12 | പൊതു അവലോകനം |
| 2 | 1-13 | 5 മീറ്ററിലധികം പ്രവേശനമാർഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 20 % വർദ്ധിപ്പിച്ചില്ല |
| 3 | 1-14 | തറവിസ്തീർണ്ണത്തിന് ആനുപാതികമായല്ലാതെ നികുതി ഈടാക്കി |
| 4 | 1-15 | കെട്ടിടങ്ങളെ വസ്തുനികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും അനർഹമായി ഒഴിവാക്കി |
| 5 | 1-16 | മൊബൈൽ ടവറുകളുടെ പൂർണ്ണവിവരങ്ങൾ പഞ്ചായത്തിന്റെ പക്കലില്ല |
| 6 | 1-17 | വസ്തുനികുതി അനധികൃത ഇളവുകൾ നല്കി |
| 7 | 1-18 | തൊഴിൽ നികുതി ഈടാക്കിയില്ല |
| 8 | 1-19 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക/സേവനങ്ങൾ) അപാകങ്ങൾ |
| 9 | 1-20 | ഇ-ടെണ്ടർ ഫീസ് തിരികെ ലഭിക്കാത്തത് |
| 10 | 1-21 | കളക്ഷൻ ചാർജ്ജ് ലഭ്യമാകുന്നത് |
| 11 | 1-22 | കാലഹരണപ്പെട്ട നിക്ഷേപം തനതുഫണ്ടിൽ മുതൽക്കൂട്ടിയില്ല |
| 12 | 1-23 | ശമ്പള കുടിശ്ശിക-പരിഷ്കരിച്ച നിരക്കിനനുസൃതമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല |
| 13 | 1-24 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല |
| 14 | 1-25 | തിരിച്ചടച്ച പദ്ധതിപണം ട്രഷറിയിൽ ഒടുക്കിയില്ല . |
| 15 | 1-26 | വിൻഡോ മാതൃകയിലുള്ള പരസ്യം നിർദ്ധിഷ്ടവലുപ്പത്തിലുള്ളതല്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നു |
| 16 | 1-27 | നിലവിൽ ഇന്റർനെറ്റ് ഉപയോഗിക്കാത്ത ഫോൺ കണക്ഷനും മോഡം വാടക നൽകുന്നു-ഉപയോഗിക്കാത്ത ഇന്റർനെറ്റ് പ്ലാനുകൾ ഒഴിവാക്കേണ്ടതാണ് |
| 17 | 1-28 | മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്- കെ.എസ്.ഇ.ബി നൽകുന്ന ബില്ലിൽ തെരുവ് വിളക്കുകളുടെ വിവരങ്ങൾ കൃത്യമല്ല. പഞ്ചായത്ത് ഫണ്ടിന് നഷ്ടം |
| 18 | 1-29 | ശുചിത്വ മിഷൻ ഫണ്ട് ചെലവഴിക്കാത്തത് |
| 19 | 1-30 | ചെലവ് വൗച്ചറുകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു |
| 20 | 1-31 | തുക മുൻകൂർ നൽകിയിട്ടും മരുന്ന് ലഭ്യമാക്കിയില്ല |

| | | |
|---|---|---|
| 21 | 1-32 | പുസ്തകങ്ങൾ വാങ്ങൽ--25000 രൂപയുടെ പുസ്തകം വിതരണം ചെയ്തിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 22 | 1-33 | ആസ്തികളിൽ അനധികൃത നിർമ്മാണം- നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 23 | 1-34 | പ്രവൃത്തി നടത്തുന്നതിന് പ്രോജക്റ്റ് ആവിഷ്കരിച്ചു- എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല-പദ്ധതിഅടങ്കൽ വർദ്ധിപ്പിച്ചെങ്കിലും ടെണ്ടർ നടത്താതെ പദ്ധതി നടപ്പിലാക്കി. |
| 24 | 1-35 | ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം |
| | | ഭാഗം – 2 |
| | | ഇല്ല |
| | | ഭാഗം – 3 |
| | | ഇല്ല |
| | | ഭാഗം – 4 |
| 25 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 26 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 27 | അനുബന്ധം.2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

24.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 83975327 | 81621700 |
| വാർഷിക കണക്ക് പ്രകാരം | 49898252 | 41419001 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 08.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി10-544/19 തീയതി,26.06.2019 | വിശേഷണങ്ങളോട്ടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7736003 |
| വരവ് | 42162249 |
| ആകെ | 49898252 |
| ചെലവ് | 41419001 |
| നീക്കിയിരിപ്പ് | 8479251 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9526608 | 9526608 | 8375504 | 1151104 | 1)ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ ശീർഷകങ്ങളിൽ ലഭ്യമായ പദ്ധതിപ്പണത്തിൽ 3753345/- രൂപ നഷ്ടപ്പെടുകയുണ്ടായി. സമയബന്ധിതമായി പദ്ധതി നിർവഹണം നടത്താതിരുന്നതു മൂലമാണ് ഇത്രയും തുക പഞ്ചായത്തിന് നഷ്ടമായത്. 2)വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ 3 ഗഡുക്കളിലായി ആകെ 95,84,000/- രൂപ ഗ്രാമ പഞ്ചായത്തിന് അനുവദിച്ചിരുന്നു. ഇതിൽ വെള്ളക്കരം കുടിശികയായി 57001/- രൂപയും KSEB കുടിശികയായി 391/- രൂപയും ഉത്ഭവത്തിൽ കുറവ് ചെയ്തിരുന്നു. ഈ തുക കുറച്ചുള്ള തുകയാണ് |
| വികസനഫണ്ട് എസ്.സി.പി. | 0 | 4790000 | 4790000 | 4790000 | 0 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 47000 | 47000 | 0 | 47000 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3906000 | 3906000 | 3742035 | 163965 | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2780000 | 2780000 | 2021217 | 758783 | ACR ലും AFS ലും വരവ്/ചെലവ് തുകയായി ഉൾപ്പെടുത്തിയിട്ടുള്ളത്. തന്മൂലം ഗ്രാമപഞ്ചായത്തിന്റെ ACR ഉം വാർഷിക കണക്കും യഥാർത്ഥ വരവ് ചെലവ് കണക്കുകളെ പ്രതിഫലിപ്പിക്കുന്നില്ല.<br>3)പട്ടിക ഉപവർഗ്ഗ വിഹിതമായി ലഭിച്ച തുകയിൽ ഒരു രൂപ പോലും ചെലവഴിക്കപ്പെട്ടിട്ടില്ല. |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6079493 | 6079493 | 4447000 | 1632493 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 127 | 41448909 | 89 | 27044702 | 21 | 17 | 70.07 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 453669 | 552031 | 1005700 | 908435 | 97265 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 19098425 | 19098425 | 19098425 | |
| ആകെ | 453669 | 19650456 | 20104125 | 20006860 | 97265 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 105480 | 55 |
| കർഷകതൊഴിലാളി പെൻഷൻ | 10869400 | 3444 |
| വിധവാപെൻഷൻ | 4145700 | 1320 |
| വാർദ്ധക്യകാലപെൻഷൻ | 9251900 | 2881 |
| വികലാംഗപെൻഷൻ | 1879900 | 581 |
| അവിവാഹിതപെൻഷൻ | 280500 | 90 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 90000 | 3 |

### 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2020ന് 3pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3505/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
2. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
5. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.02.2020 | 01/2020 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.06.2018 | 2013-14 മുതൽ 2017-18 വരെ | 01.12.2018 |

### 1-12 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ.എൽ.പി./പി.10.544/19 തീയതി 26.6.19 പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റിനോടൊപ്പം

അനുബന്ധമായി ചേർത്തിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

### 1-13 5 മീറ്ററിലധികം പ്രവേശനമാർഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികതി 20 % വർദ്ധിപ്പിച്ചില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗം ഉണ്ടെങ്കിൽ അടിസ്ഥാന നികുതിയിൽ 20% വർദ്ധനവ് വരുത്താവുന്നതാണ്.

പഞ്ചായത്തിന്റെ നികുതി നിർണ്ണയം പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ ലൊക്കേഷൻ സ്കെച്ചിലും, പ്ലാനിലും അഞ്ച് മീറ്ററിൽ കൂടുതൽ വഴി സൗകര്യം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് നല്കിയിട്ടില്ല. .

| ക്രമ നം. | ഉടമയുടെ പേര്, വാർഡ് | വിസ്തീർണ്ണം |
|---|---|---|
| 1 | ജോസഫ് ജോസഫ്, കളത്തിൽ 1/12-A, | 154.18 M2<br>@7 |
| 2 | ജോസഫ്.എം.കെ, മേടയിൽ, 286/C | $53M^2$<br>@60 |
| 3 | ജോർജ്, അച്ചാമ്മ ജോൺ, 1/317 B | $194.39\ M^2$<br>@7 |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/18.2.2020) ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

### 1-14 തറവിസ്തീർണ്ണത്തിന് ആനുപാതികമായല്ലാതെ നികുതി ഈടാക്കി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങളിലെ ചട്ടം 17, തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 തസ്വഭവ എന്നിവ പ്രകാരം പഞ്ചായത്ത് 100 ച.മീറ്റർ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾക്ക് 60/-രൂപയും 100 ച.മീറ്ററിന് മുകളിലുള്ളവയ്ക്ക് 70/- രൂപയുമായി അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിലല്ലാതെ വിവിധ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി ഈടാക്കിയിരിക്കുന്നത്. ഇതുമൂലം അടിസ്ഥാന നികുതിയിൽ ഒരു ച.മീറ്ററിന് 10/- രൂപയുടെ നഷ്ടം ഉണ്ടാകുന്നു.

| ക്രമ നം. | പേര് | കെട്ടിടനമ്പർ /വിസ്തീർണ്ണം | ആകെ വിസ്തീർണ്ണം |
|---|---|---|---|
| 1 | ജോസുകുട്ടി കന്യാക്കോണിൽ | $3/256\ I\text{-}30.28m^2$<br>3/256 J-30.28<br>3/256 K-30.28<br>3/256 L-30.28 | $121.12m^2$ |
| 2 | ശിവദാസ് കാക്കനൂർ | $6/228\ C\text{-}9.81m^2$<br>6/228 E-29.12<br>6/228 D-20.84 | $119.53m^2$ |

| | | | |
|---|---|---|---|
| | | 6/228 F-30.65<br>6/228 G-29.11 | |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/18.2.20) ന് ലഭ്യമാക്കിയ മറുപടി പ്രകാരം നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 1-15 കെട്ടിടങ്ങളെ വസ്തുനികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും അനർഹമായി ഒഴിവാക്കി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 - 1 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഈ ഒഴിവ് ഉടമസ്ഥർ വാടക ഈടാക്കുന്ന കെട്ടിടങ്ങൾക്ക് നൽകാവുന്നതല്ല.

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം 19/2011 തസ്വഭവ പ്രകാരം തറവിസ്തീർണ്ണാടിസ്ഥാനത്തിൽ ചതുരശ്രമീറ്ററിന് പരമാവധി 500-രൂപ വരെ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാവുന്നതാണ്.

പഞ്ചായത്തിന്റെ വസ്തുനികുതി – സഞ്ചയ ഡേറ്റാബേസ് പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളെയും മൊബൈൽ ടവറുകളെയും നികുതി, സേവന ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം./ഉടമയുടെ പേര് വിലാസം | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 5/112-ലൂർദ് മാതാ ചർച്ച് പാരിഷ് ഹാൾ,മാമ്പുഴക്കരി | 720 |
| 2 | 4/241-സെക്രട്ടറി എസ്.എൻ.ഡി.പി,ബ്രാഞ്ച് | 72 |
| 3 | 4/281- ടെലികോം ടവർ | 16 |
| 4 | 4/282-ടെലികോം ടവർ | 16 |

മേൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 14/18.2.2020) ലഭിച്ച വിശദീകരണപ്രകാരം ക്രമ നം 1,2 എന്നീ കെട്ടിടങ്ങളും ബി.എസ്.എൻ.എൽ- ന്റെ ഉടമസ്ഥതയിൽ ഒരു ടെലികോം ടവർ ഉള്ളതായും അന്വേഷണത്തിൽ ബോധ്യപ്പെട്ടതിനാൽ വിശദമായി പരിശോധിച്ച് തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-16 മൊബൈൽ ടവറുകളുടെ പൂർണ്ണവിവരങ്ങൾ പഞ്ചായത്തിന്റെ പക്കലില്ല

ഗ്രാമ പഞ്ചായത്തിന്റെ സഞ്ചയ റവന്യൂ-മൊഡ്യൂൾ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പ്രകാരം രണ്ട് മൊബൈൽ ടവറുകൾക്ക് മാത്രമാണ് വസ്തുനികുതി പരിഷ്കരിച്ച് അംഗീകരിച്ചിട്ടുള്ളത്.

ഡേറ്റാബേസിൽ രണ്ട് മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളെ നികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയതായും കാണുന്നു. പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (ടവർ സ്ഥാപിച്ചിട്ടുള്ള ആൾ ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം, കെട്ടിട ഉടമയുടെ വിലാസം, കമ്പനിയുടെ പേര്), സ്വകാര്യ വസ്തുവിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (വാടക ലഭിക്കുന്ന ഉടമയുടെ പേര്,

ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം) എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 18/18.02.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം പഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ഈടാക്കേണ്ടതാണ്.

### 1-17 വസ്തുനികുതി അനധികൃത ഇളവുകൾ നല്കി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. പഞ്ചായത്തിന്റെ നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ എം.ടി.വെയിൽസ്, മണ്ണാംപ്ലാക്കൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 3/283 A എന്ന കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 940.4 ച.മീറ്ററാണ്. ഇത് ഒരു ബഹുനില AC റസ്റ്റോറന്റാണ്. എന്നാൽ ഈ കെട്ടിടത്തിന് താഴെപ്പറയുന്ന തരത്തിലുള്ള അനധികൃത ഇളവുകൾ നല്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

1) ബഹുനില കെട്ടിടത്തിന് കുറഞ്ഞതരം മേൽക്കൂര നിർമ്മിതിക്കുള്ള 10% ഇളവ് നല്കിയിരിക്കുന്നു.

2) 250 ച.മീറ്ററിലധികമുള്ള ഉയർന്ന തറ നിർമ്മിതിക്കുള്ള 15% വർദ്ധനവ് നല്കിയിട്ടില്ല

കൂടാതെ ബഹുനിലവാണിജ്യാവശ്യകെട്ടിടങ്ങൾക്കുള്ള ഇളവുകളായ

i) ഭൂനിരപ്പിലുള്ള നിലയുടെ മുകളിലുള്ള 1-ാം നിലയ്ക്ക്(430.31 ച.മീ)--5% ഇളവ്

ii)രണ്ടാം നിലയ്ക്ക്(79.33 ച.മീ)- 10% ഇളവ് എന്നിവ നല്കിയിട്ടില്ല.

മേൽ അപാകതയ്ക്ക വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-29/19.2.2020) ന് ലഭ്യമാക്കിയ മറുപടി പ്രകാരം അപാകത അടിയന്തിരമായി പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-18 തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ,സ്വകാര്യമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

എന്നാൽ പഞ്ചായത്ത് ഓഫീസിനു സമീപം പ്രവർത്തിക്കുന്ന മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് ,പഞ്ചായത്ത് പരിധിയിലെ റേഷൻകടക്കാർ, അഭിഭാഷകർ എന്നിവർ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.20/18.2.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-19 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക/സേവനങ്ങൾ) അപാകങ്ങൾ

1996 ലെ പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാൽ സൊസൈറ്റികൾ **(**ക്രമ നം**-132)**, റേഷൻ കടകൾ (പട്ടിക ക്രമ നം-149) അബ്കാരി ഷാപ്പുകൾ (പട്ടിക ക്രമ നം.-139) ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെ ലൈസൻസ് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1) ക്ഷീരസഹകരണ സംഘം A10 (D)
2) മാവേലി സ്റ്റോർ

3)ലൂർദ് ഹോസ്പിറ്റൽ
4)ലക്ഷ്മി നഴ്സിംഗ് ഹോം
5) സെന്റ് സേവ്യേഴ്സ് ഹോസ്പിറ്റൽ
6) റേഷൻ കടകൾ
7)അബ്കാരി ഷാപ്പുകൾ
ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി(നം-17/18.02.2020) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1996** ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം **232(1) 233** (എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-20 ഇ-ടെണ്ടർ ഫീസ് തിരികെ ലഭിക്കാത്തത്

2018-2019 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത ഒരു മരാമത്ത് പ്രവൃത്തിയുടെ ടെണ്ടർഫീസ് ഇനത്തിൽ 1129/- രൂപ ലഭിച്ചിരുന്നു. ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിട്ടുള്ള ടെണ്ടർ ഫീസ് തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ടി തുക എത്രയുംവേഗം തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-21 കളക്ഷൻ ചാർജ്ജ് ലഭ്യമാകുന്നത്

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമവിഹിതം ഇനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/14.2.2020) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ തൻവർഷം 58795/-രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി ഒടുക്കിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഒടുക്കിയ തുകയിൽ നിന്നും കളക്ഷൻ ചാർജ്ജ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-22 കാലഹരണപ്പെട്ട നിക്ഷേപം തനതുഫണ്ടിൽ മുതൽക്കൂട്ടിയില്ല

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ എം ഡി, മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്നു വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/നിരതദ്രവ്യം തുകകൾ സർക്കാർ /തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാലഹരണപ്പെട്ട നിക്ഷേപം ഉള്ളതായി കാണുന്നു. ആയത് തനത്ഫണ്ടിൽ മുതൽ കൂട്ടിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 ശമ്പള കുടിശ്ശിക-പരിഷ്കരിച്ച നിരക്കിനനുസൃതമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല

ചെക്ക് നം. 3015051 തീയതി 07.06.2018 തുക- 122209/-

ചെക്ക് നം. 3015061 തീയതി 10.10.2018 തുക- 148127/-

സ.ഉ.(പി)7/2016/ഫിൻ.തീയതി. 20.01.2016 പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/14 മുതൽ 01/16വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി നൽകുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവ് പ്രകാരം പരിഷ്കരിച്ച ശമ്പളത്തിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ 01.07.2014 മുതൽ

ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. രാമങ്കരി ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2018-19 സാമ്പത്തികവർഷം ശമ്പള കടിശ്ശികയുടെ അവസാന രണ്ടുഗഡുക്കൾ മേൽ ചെക്കുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ജീവനക്കാർ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/19.02.2020) ന്യൂനത അടിയന്തിരമായി പരിഹരിച്ച് തുക അടവാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-24 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല

വാർഷിക കണക്കുകളും അഡ്വാൻസ് രജിസ്റ്ററും പരിശോധിച്ചതിൽ, ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ശ്രീ.മനേഷ് കുമാർ ഇ.ആർ, എൽ.ഡി ക്ലാർക്ക് കൈപ്പറ്റിയ 2000/- രൂപ തിരികെ ഒടുക്കവാനുള്ളതായും (15-16) ശ്രീ സന്തോഷ് മാത്യു, സെക്രട്ടറി 3000/- രൂപ അധികം ഒടുക്കിയതായും കാണുന്നു (16-17). ഇത് കാരണം വാർഷിക കണക്കുകൾ പ്രകാരം ലഭിക്കാനുള്ള തുക (-) 1000 രൂപയായി കാണുന്നു (ഹെഡ് കോഡ്-460100101). ശ്രീ.മനേഷ് കുമാർ ഇ.ആറിൽ നിന്നും 2000/- രൂപ ഈടാക്കുന്നതിനും ശ്രീ. സന്തോഷ് മാത്യു സെക്രട്ടറിക്ക് 3000/- രൂപ തിരികെ നൽകുന്നതിനും നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

### 1-25 തിരിച്ചടച്ച പദ്ധതിപണം ട്രഷറിയിൽ ഒടുക്കിയില്ല .

വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്ട് (നം-20/19) പ്രകാരം പി.ജി.വിജയമ്മ, പായിക്കാട്ട്, മണലാടി എന്നയാൾക്ക് 25,000/- രൂപ (ബിൽ നം- 10/18-19/24-11-18) നൽകിയിരുന്നു (വികസന ഫണ്ട്-ധനകാര്യകമ്മീഷൻ അവാർഡ്). എന്നാൽ ടിയാരി ഭവനപുനനിർമ്മാണത്തിനായി വീട് പൊളിച്ചതിനാൽ, തുക തിരികെ ഒടുക്കുന്നതിന് വി.ഇ.ഒ കത്ത് നൽകിയിരുന്നു. തുടർന്ന് 22-05-2019 ൽ ടി തുക 2750/- രൂപ പലിശ സഹിതം തിരികെ പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. ടി തുക മിസ്സല്ലേനിയസ് റസീറ്റ് ആയിട്ടാണ് വരവ് വച്ചിട്ടുള്ളത്. നാളിതുവരെയും തുക സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല. 27,750/- രൂപ ട്രഷറിയിൽ ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

### 1-26 വിൻഡോ മാതൃകയിലുള്ള പരസ്യം നിർദ്ധിഷ്ടവലുപ്പത്തിലുള്ളതല്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നു

ദർഘാസ് പരസ്യങ്ങൾ വിൻഡോ മാതൃകയിൽ, രണ്ട് കോളം (8cm) മൂന്ന് സെ.മീ വലുപ്പത്തിലുള്ളതായിരിക്കണമെന്നും (24 $cm^2$) പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും (സ.ഉ(അ)/01/ 04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രാമങ്കരി ഗ്രാമപഞ്ചായത്ത് നൽകിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ഇത് പരസ്യചെലവ് കൂടുന്നതിനിടയാക്കി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പരസ്യ തീയതി ദിനപത്രം | പരസ്യ നിരക്ക് | പരസ്യത്തിന്റെ വലുപ്പം | ചെലവ് | അനുവദനീയമായ വലുപ്പം | അനുവദനീയമായ ചെലവ് | അധികം നൽകിയത് |
|---|---|---|---|---|---|---|
| 10-07-2018 ദേശാഭിമാനി | 94 | 6x8=48 $cm^2$ | 4512-15% Discount(676.8)+ Tax 191.6 (5%) 4027 | 3x8=24 $cm^2$ | 2256-15% Discount(338.4)+95.88 Tax (5%) 2013 | 2014 |
| 29-10-2018 ദേശാഭിമാനി | 180 | 5.5x8=44$cm^2$ | 7920-15%discount(1188)+ Tax 5%(336.6) 7069 | 3x8=24 $cm^2$ | 4320-15% Discount(648)+183.6 Tax (5%) 3856 | 3213 |

സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന്റെ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-24/തീയതി. 19-02-2020) ലഭ്യമാക്കിയ മറുപടിയിൽ പരസ്യങ്ങൾ നിർദ്ദിഷ്ട വലുപ്പത്തിൽ മാത്രം പരസ്യപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വിൻഡോ മാതൃകയിൽ പരസ്യം പ്രസിദ്ധീകരിക്കുമ്പോൾ നിർദ്ദിഷ്ട വലുപ്പം പാലിക്കുന്നുണ്ടെന്നുറപ്പാക്കേണ്ടതാണ്.

### 1-27 നിലവിൽ ഇന്റർനെറ്റ് ഉപയോഗിക്കാത്ത ഫോൺ കണക്ഷനും മോഡം വാടക നൽകുന്നു-ഉപയോഗിക്കാത്ത ഇന്റർനെറ്റ് പ്ലാനുകൾ ഒഴിവാക്കേണ്ടതാണ്

പഞ്ചായത്തിന്റെ പേരിലുള്ള 0477-2707865 എന്ന കണക്ഷനിൽ നിന്നും (ബിൽ പ്രകാരം) നിലവിൽ ഇന്റർനെറ്റ് ഉപയോഗം നടക്കുന്നില്ല. എന്നാൽ ഈ കണക്ഷന്റെ പ്രതിമാസ ബില്ലിനൊപ്പം 70/- രൂപ മോഡം വാടക ബി.എസ്.എൻ.എൽ ഈടാക്കുന്നുണ്ട്. വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/18.02.2020) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ഫൈബർ ടു ദി ഹോം കണക്ഷനുള്ളതിനാൽ മറ്റ് ഇന്റർനെറ്റ് പ്ലാനുകളുള്ള ഫോണുകളിലെ ഇന്റർനെറ്റ് പ്ലാനുകൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-28 മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്- കെ.എസ്.ഇ.ബി നൽകുന്ന ബില്ലിൽ തെരുവ് വിളക്കുകളുടെ വിവരങ്ങൾ കൃത്യമല്ല- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

കെ.എസ്.ഇ.ബി തയ്യാറാക്കുന്ന തെരുവുവിളക്കുകളുടെ പ്രതിമാസ ബില്ലിൽ ഊർജ്ജ ഉപഭോഗം കൂടിയ ഇൻകാൻഡസെന്റ് ബൾബുകൾ കൂടുതലായി ഉൾപ്പെടുന്നതായി കാണുന്നു. എന്നാൽ പഞ്ചായത്ത് പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി പോയ വർഷങ്ങളിൽ വാങ്ങിയിട്ടുള്ളത് എൽ.ഇ.ഡി, സി.എഫ്.എൽ ബൾബുകളാണ്. കുറഞ്ഞ ഉപഭോഗമുള്ള വിളക്കുകളുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്താതിരിക്കുന്നത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് വൻതോതിൽ ഉയർന്നു നിൽക്കുന്നതിനിടയാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൺസ്യൂമർ നം-1155108006670 പ്രകാരം 16743/- രൂപയും കൺസ്യൂമർ നം-1155101000151 പ്രകാരം 18735 രൂപയുമാണ് പഞ്ചായത്ത് അടക്കുന്ന തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ തുക (കെ.എസ്.ഇ.ബി കിടങ്ങറ ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ/മാർച്ച്/19 ലെ കണക്കുകൾ അനുസരിച്ച്) എന്നാൽ ടി ബില്ലിങ്ങിന് അടിസ്ഥാനമാക്കുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ സംബന്ധിക്കുന്ന വിവരങ്ങളിൽ ഭൂരിഭാഗവും സാധാരണ ബൾബുകൾ ഉൾപ്പെട്ടിട്ടുള്ളതായിട്ടാണ് കാണുന്നത്. കണക്കുകൾ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| കൺസ്യൂമർ നം- 1155108006670 | | | |
|---|---|---|---|
| ക്രമ നം | തെരുവ് വിളക്കിന്റെ തരം | തെരുവ് വിളക്കിന്റെ എണ്ണം | ഉപയോഗം (മണിക്കൂറിൽ) |
| 1 | സാധരണ ബൾബ് 1 x40 | 10 | 12 |
| 2 | സാധരണ ബൾബ് 1 x60 | 92 | 12 |
| 3 | ഫ്ലൂറസെന്റ് ട്യൂബ് 2X40 | 32 | 12 |
| 4 | സി.എഫ്.എൽ ഓട്ടോമാറ്റിക് 2X11 | 18 | 12 |
| കൺസ്യൂമർ നം- 1155101000151 | | | |
| 5 | സാധരണ ബൾബ് 1 x60 | 84 | 12 |
| 6 | ഫ്ലൂറസെന്റ് ട്യൂബ് 2X40 | 48 | 12 |
| 7 | സി.എഫ്.എൽ ഓട്ടോമാറ്റിക് 2X11 | 18 | 12 |
| 8 | ഫ്ലൂറസെന്റ് ട്യൂബ് 1x40 | 10 | 12 |
| 9 | മെർക്കുറി വേപ്പർ ലാമ്പ് 1x250 | 1 | 12 |

നിലവിലുള്ള വൈദ്യുതവിളക്കുകൾ ഊർജ്ജ ഉപഭോഗം കുറഞ്ഞവയിലേക്ക് മാറുകയും പുതിയതായി സ്ഥാപിക്കുന്ന വൈദ്യുതവിളക്കുകളിൽ *എനർജി എഫിഷ്യന്റായ വൈദ്യുതിവിളക്കുകൾ (എൽ.ഇ.ഡി)* മാത്രം ഉൾപ്പെടുത്തുകയും ചെയ്തിട്ടും ഇതിന്റെ കണക്കുകൾ കെ.എസ്.ഇ.ബി കണക്കുകളിൽ ഉൾപ്പെടുത്തി ബിൽ പരിഷ്കരിക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് പഞ്ചായത്തിന്റ ഭാഗം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-10/14-02-2020)മറുപടി ലഭ്യമാക്കിയില്ല.

വൈദ്യുതി ബോർഡിന്റെ താരിഫ് പ്രകാരമുള്ള സാധാരണ ബൾബ്, എൽ.ഇ.ഡി ,സി.എഫ്.എൽ എന്നിവയുടെ താരതമ്യം ചുവടെ ചേർക്കുന്നു.

| വൈദ്യുതി വിളക്കിന്റെ തരം | 12 മണിക്കൂറുള്ള പ്രതി ദിന |
|---|---|

| | ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് |
|---|---|
| സാധാരണ ബൾബ് 40 Watts | 76 |
| സാധാരണ ബൾബ് 60 Watts | 117 |
| സാധാരണ ബൾബ് 100 Watts | 192 |
| സി.എഫ്.എൽ -15 Watts | 25 |
| സി.എഫ്.എൽ -18 Watts | 30 |
| എൽ.ഇ.ഡി -12 Watts | 14 |
| എൽ.ഇ.ഡി -18 Watts | 21 |

18 Watts എൽ.ഇ.ഡി ബൾബിന്റെ അഞ്ചിരട്ടിയിലധികം തുക ഈടാക്കുന്ന ഇൻകാൻഡസെന്റ് ബൾബുകൾ കൂടുതലുള്ളതായി കണക്കാക്കി കെ.എസ്.ഇ.ബി ബിൽ തയ്യാറാക്കുന്ന രീതിയിൽ ഇടപെടാതിരുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യങ്ങൾക്ക് ചേർന്ന നടപടിയല്ല. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്. വിഷയം പരിഗണിച്ച് മുഴുവൻ തെരുവ് വിളക്കുകളുടെയും തരം, എണ്ണം എന്നിവ കണക്കാക്കി കെ.എസ്.ഇ.ബി അധികൃതരെ അറിയിച്ച് വൈദ്യുതചാർജ്ജിൽ കുറവ് വരുത്തേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

### 1-29 ശുചിത്വ മിഷൻ ഫണ്ട് ചെലവഴിക്കാത്തത്

(എ) ഗ്രാമ പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക Balance Sheet- Schedule B-4 പരിശോധിച്ചതിൽ താഴെ പറയുന്ന തുകകൾ നാളിതുവരെയും ചെലവഴിച്ചിട്ടില്ല.

| Balance Sheet- Schedule B-4 – Code No: | Particulars | Amount |
|---|---|---|
| 320200322 | Grants from Suchitwa Mission | 1396227 |
| 320300103 | Total Sanitation | 537562 |

(ബി) ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക നാളിതുവരെയും ചെലവഴിക്കാത്തതിനു കാരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/14.02.2020) വരും വർഷങ്ങളിൽ ബയോഗ്യാസ് പ്ലാന്റ്, എയറോബിക് കമ്പോസ്റ്റ് യൂണിറ്റ്, മെറ്റീരിയൽ റിക്കവറി സെന്റർ തുടങ്ങിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചതായി മറുപടി നല്കി. ശുചിത്വ മിഷനിൽ നിന്നും ലഭിച്ച ഫണ്ട് നിർദ്ദേശിക്കപ്പെട്ട പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം അത് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

ബി) പഞ്ചായത്ത് പരിധിയിലുള്ള ജൈവ-അജൈവ മാലിന്യങ്ങളുടെ അളവ്, ഉറവിടങ്ങൾ നിർമാർജ്ജന സാധ്യതകൾ എന്നിവ സംബന്ധിച്ച പഠനം നടത്തി മാലിന്യസംസ്കരണം, നിർമാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒന്നും തന്നെ തൻ വർഷം നടപ്പിലാക്കിയിട്ടില്ല. ചെലവുപത്രിക പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം എറ്റെടുത്ത താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

| ക്രമനമ്പർ | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ഫണ്ട്/തുക |
|---|---|---|---|
| 1 | 145/18-19 | മെറ്റിരിയൽ റിക്കവറി കളക്ഷൻ സെന്റർ സ്ഥാപിക്കൽ | സംസ്ഥാനാവിഷ്കൃതഫണ്ട്<br>400000/- |
| 2 | 147/18-19 | കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് | സംസ്ഥാനാവിഷ്കൃതഫണ്ട്<br>890000/- |
| 3 | 148/18-19 | എയ്റോബിൻ കംപോസ്റ്റ് | സംസ്ഥാനാവിഷ്കൃതഫണ്ട്<br>630000/- |

മാലിന്യനിർമാർജ്ജനം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ട വിഷയമായതിനാൽ ആവിഷ്കരിക്കുന്ന മാലിന്യനിർമാർജ്ജന പദ്ധതികൾ യഥാസമയം നിർവഹിക്കുന്നതിനും കാലവിളംബം കൂടാതെ പൂർത്തീകരിക്കുന്നതിനും ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-30 ചെലവ് വൗച്ചറുകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷനിൽ നിന്നും 1,30,000/- രൂപ (ചെക്ക് നം. 003942 തീയതി.04.06.2018) ലഭിച്ചതിൽ 10,000/- രൂപ വീതം ഗ്രാമപഞ്ചായത്തിലെ 13 വാർഡ് തല സാനിട്ടേഷൻ സമിതി കൺവീനർമാരുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ ചെലവ് വൗച്ചർ, സാനിട്ടേഷൻ സമിതിയുടെ പാസ്സ് ബുക്ക്, മിനിട്ട്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.8/14.02.2020) മറുപടി ലഭിച്ചില്ല. ആയതിനാൽ 1,30,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-31 തുക മുൻകൂർ നൽകിയിട്ടും മരുന്ന് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പാക്കിയ മരുന്നു വാങ്ങൽ പ്രോജക്ടിനായി (നം.S.0066/19) ബിൽ നം. 4 /22-03-2019 പ്രകാരം 50000/- രൂപ പിൻവലിച്ച് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് – നു നൽകി. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്ന്റെ 24-11-2018 ലെ 4 ഇനം മരുന്നുകൾക്കുള്ള പ്രൊഫോർമ ഇൻവോയ്സ് നം.PRF2673ന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത്. എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/19.02.2020) മെഡിക്കൽ ഓഫീസർ മറുപടിനൽകി. അടിയന്തിരമായി മരുന്ന് ലഭ്യമായ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമായ വിവരം അറിയിക്കുന്നതുവരെ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-32 പുസ്തകങ്ങൾ വാങ്ങൽ--25000 രൂപയുടെ പുസ്തകം വിതരണം ചെയ്തിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| ബിൽ നം. | 02/18-19 |
| തുക | 25000 |
| ബിൽ മാറിയ തീയതി | 29-12-18 |

പ്രോജക്റ്റ് നം.-65/19 (പുസ്തകങ്ങൾ വാങ്ങൽ) പ്രകാരം 25000 രൂപയുടെ പുസ്തകങ്ങൾ ആലപ്പുഴ കറന്റ് ബുക്സിൽ നിന്നും ക്വട്ടേഷൻ പ്രകാരം വാങ്ങി. വിവിധ ലൈബ്രറികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുകയായിരുന്നു പ്രോജക്ടിന്റെ ഉദ്ദേശ ലക്ഷ്യം.എന്നാൽ പുസ്തകങ്ങൾ വിതരണം ചെയ്യാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൈവശം വച്ചിരിക്കുകയാണ്. പഞ്ചായത്ത് , ലൈബ്രറികളുടെ പേര് നിർദ്ദേശിക്കാത്തതിനാലാണ് പുസ്തകങ്ങൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നതെന്ന് ഇത് സംബന്ധിച്ചുള്ള ഓഡിറ്റ്അന്വേഷണക്കുറിപ്പിനുള്ള (നം.15/18.2.2020) മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ (ഗവ.യു.പി.എസ്-വേഴപ്ര) അറിയിച്ചത്. ആയതിനാൽ 25000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശിക്കുന്ന ഗ്രന്ഥശാല സംഘം രജിസ്ട്രേഷനുള്ള ഗ്രന്ഥശാലകൾക്ക് പുസ്തകം വിതരണം ചെയ്ത് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

### 1-33 ആസ്തികളിൽ അനധികൃത നിർമ്മാണം- നടപടികൾ സ്വീകരിക്കേണ്ടതാണ്

രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴയ ഷോപ്പിംഗ് കോംപ്ലക്സിൽ 14 മുറികളാണുള്ളത്. ചങ്ങനാശ്ശേരി - ആലപ്പുഴ സംസ്ഥാന പാതയോരത്തുള്ള ടി ഷോപ്പിംഗ് കോംപ്ലക്സിൽ അനധികൃത നിർമ്മാണം നടത്തിയിട്ടുള്ളതായും, അനധികൃതമായി പരസ്യബോർഡുകൾ സ്ഥാപിച്ച് വഴിയാത്രികർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായും കണ്ടെത്തിയ പഞ്ചായത്ത് സമിതി, 09.06.2017 ലെ നമ്പർ 5 തീരുമാനപ്രകാരം അനധികൃത നിർമ്മാണങ്ങൾ ഒഴിവാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ വാടകക്കാർക്ക് നോട്ടീസ് നൽകുക മാത്രമാണുണ്ടായത്. നിലവിൽ പഴയ ഷോപ്പിംഗ് കോംപ്ലക്സിലെ മിക്ക കടമുറികളിലും മുൻഭാഗത്തേക്ക് നിർമ്മാണം നടത്തി ഷട്ടറുകൾ സ്ഥാപിച്ചിട്ടുള്ളതായും പാതയോരം കൈയ്യേറിയിട്ടുള്ളതായും കാണുന്നു. ഇത് സംബന്ധിക്കുന്ന പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/18-02-2020) ലഭ്യമാക്കിയ മറുപടിയിൽ അനധികൃത കൈയ്യേറ്റങ്ങൾ പൊളിച്ചു നീക്കിയതായി സൂചിപ്പിച്ചിട്ടുണ്ടെങ്കിലും വീണ്ടും കൈയ്യേറ്റ സാധ്യതയുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പഴയ ഷോപ്പിംഗ് കോപ്ലക്സിലെ കൈയ്യേറ്റങ്ങളും അനധികൃത നിർമ്മാണങ്ങളും യഥാസമയം കണ്ടെത്തുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

### 1-34 പ്രവൃത്തി നടത്തുന്നതിന് പ്രോജക്റ്റ് ആവിഷ്കരിച്ചു- എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല- പദ്ധതിഅടങ്കൽ വർദ്ധിപ്പിച്ചുകിലും

**ടെണ്ടർ നടത്താതെ പദ്ധതി നടപ്പിലാക്കി.**

സ്കൂളുകൾക്ക് വാട്ടർ കണക്ഷൻ എന്ന പ്രോജക്ടിൽ (നം.68/19) ഉൾപ്പെടുത്തി വേഴപ്ര യു.പി സ്കൂൾ, രാമങ്കരി എൽ.പി.സ്കൂൾ എന്നിവിടങ്ങളിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ കണക്ഷനും വാട്ടർ സ്റ്റോറേജ് ടാങ്കും സ്ഥാപിക്കുന്നതിന് 01-12-2018 ൽ 60000 രൂപ അടങ്കൽ തീരുമാനിച്ച് ക്വട്ടേഷനുകൾ ക്ഷണിച്ചു. എന്നാൽ ഈ പ്രവർത്തി നടത്തുന്നതിനുള്ള മതിപ്പ് ചെലവ് കണക്കാക്കുയോ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് വിഭാഗത്തിന്റെ സഹായം തേടുകയോ ചെയ്തില്ല. പ്രോജക്റ്റ് ഫയൽ പ്രകാരം ലഭിച്ച 3 ക്വട്ടേഷനുകൾ ശ്രീ.ജോസ്.ടി.പൂണിച്ചിറ, പൂണിച്ചിറ,ചമ്പക്കുളം -60000/- രൂപ (അടങ്കൽ തുക), ശ്രീ.കുഞ്ചറിയ എ.കെ, കളത്തിൽ, വെളിയനാട്-59000/- രൂപ , ശ്രീ ഇ.വി അശോക് കുമാർ, കളത്തിൽ തെക്കേതിൽ, വേഴപ്ര-57000/- രൂപ എന്നിവയായിരുന്നു. ഫയൽ പ്രകാരം തുടർന്നുള്ള രേഖകൾ ചുവടെ ചേർക്കും പ്രകാരമാണ്.

21-02-2019 ൽ പദ്ധതിയുടെ അടങ്കൽ 1,12,100 രൂപയായി ഉയർത്തി ക്വട്ടേഷൻ ക്ഷണിച്ചു. അടങ്കൽ ഉയർത്തി ക്ഷണിച്ച ക്വട്ടേഷന് ആരും തന്നെ ക്വട്ടേഷനുകൾ സമർപ്പിച്ചതായി രേഖയില്ല. തുടർന്ന് ആദ്യ ക്വട്ടേഷനിലെ കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശ്രീ.ഇ.വി അശോക് കുമാർ, കളത്തിൽ തെക്കേതിൽ, വേഴപ്ര എന്നയാൾക്ക് ടിയാൾ സമർപ്പിച്ച പർച്ചേസ് ബില്ലുകളുടെയും വാട്ടർ അതോറിറ്റി കണക്ഷൻ അപേക്ഷ രസീതുകളുടെയും അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ബിൽ മാറി തുക നൽകി പ്രവൃത്തി പൂർത്തീകരിച്ചു.

| | | |
|---|---|---|
| ബിൽ നം./തീയതി | 06/18-19/24-03-19 | 07/18-19/24-03-19 |
| തുക | 12100 | 100000 |
| തുക ട്രാൻസ്ഫർ ചെയ്ത അക്കൌണ്ട് നം. | 67099021610 | 67099021610 |

എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് പ്രോജക്റ്റ് നടപ്പാക്കിയത്. അടങ്കൽ പുതുക്കി നിർണ്ണയിച്ചതിന്റെ കാരണമെന്തെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് മുഖാന്തിരം ആരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെയ്ത പ്രവൃത്തികളുടെ മൂല്യനിർണ്ണയം നടത്തിയില്ല. അടങ്കൽ പുതുക്കി നിർണ്ണയിച്ചപ്പോൾ ഒരുലക്ഷം രൂപക്കുമേൽ ഉണ്ടായിരുന്നിട്ടും ടെണ്ടർ ബാധകമാക്കിയില്ല. (സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക. 7.7). അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-35 ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ ഡിബി.3/4620/12/സിഇ/തസ്വഭവ തിയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലീൻ കേരള മിഷൻ മുഖേന ആവശ്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് ലഭ്യമാക്കുന്നതാണെന്നും സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട്.

രാമങ്കരി ഗ്രാമപഞ്ചായത്തിൽ ആയതനുസരിച്ച് 2018-19 വർഷത്തിൽ തൻവർഷം നടപ്പാക്കിയ പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടില്ലായെന്ന മറുപടിയാണ് ലഭ്യമായത്.

വരും വർഷങ്ങളിൽ നടപ്പാക്കുന്ന പരമാവധി പ്രവൃത്തികളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 200000 | പാലിയേറ്റീവ് കെയർ | 116430 | 83570 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | | 500000 | ലൈഫ് ഭവന പദ്ധതി | 500000 | 0 |
| | | 100000 | 60 വയസിന് മുകളിൽ പ്രായമുള്ളവർക്ക് കട്ടിൽ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 49000 | മാമ്പുഴക്കരി ലൈബ്രറിക്ക് പ്രസിദ്ധീകരണം | 0 | 49000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,00,000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| | | 203503 | ലൈഫ് ഭവന പദ്ധതി | 200000 | 3503 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4648634 രൂപ വരവ് ഉണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(സാധാ) നമ്പർ.68/2018 /തസ്വഭവ. തീയതി.18.5.18 | 4648634 | 4648634 | 0 | 0 | 4648634 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (24.10.18) | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|
| ട്രഷറി,മങ്കൊമ്പ് | 24.10.2018 | 3 | 1000000 | |

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2(5) | 2016-17 | 2-2 | തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | തൊഴിൽ നികുതി ഈടാക്കി മറുപടി സമർപ്പിച്ചു |

## 4-8. ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9. ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49898252 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41419001 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 205000 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 130000 | എസ്.അനിൽകുമാർ,സെക്രട്ടറി |
| 1-31 | 50000 | ഡോ.പൂർണ്ണിമ റ്റി.എ. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-32 | 25000 | ഉദയകുമാർ, ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്, വേഴപ്ര |
| ആകെ | 205000 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്.അനിൽകുമാർ, സെക്രട്ടറി | സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | മയൂരം. സി.എം.സി.10, ചേർത്തല |
| ഉദയകുമാർ,എച്ച്.എം, ഗവ. യു.പി.എസ്, വേഴപ്ര | എച്ച്.എം, ഗവ.യു.പി.എസ്, വേഴപ്ര | പട്ടത്താനത്ത്, എസ്.എൽ.പുരം പി.ഒ, ആലപ്പുഴ |
| ഡോ.പൂർണ്ണിമ റ്റി.എ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, രാമങ്കരി | പൗർണ്ണമി, തിരുവമ്പാടി, ആലപ്പുഴ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1994-95, 1995-96 | എൽഎഫ്എ.10/937/97/30-05-1999 |
| 1999-00 | എൽഎഫ്എ.14/982/01/22-10-2001 |
| 2006-07, 2007-08, 2008-09 2009-10 | എൽഎഫ്ജിഎ5/1578/13/21-05-2014436727 |
| 2010-11 | എൽഎഫ്.പി10/1294/12/19-11-2012/12-12-2012 |
| 2011-12, 2012-13 | എൽഎഫ്.പി10/190/14/25-04-2014/15-07-2014 |
| 2013-14 | കെ.എസ്.എ/എഎൽപി/പി-10/1086/15/06-08-2015 |
| 2014-15 | കെ.എസ്.എ/എഎൽപി/പി-10-641/16/09-06-2016/25-07-2016 |

| | |
|---|---|
| 2015-16 | കെ.എസ്.എ/എഎൽപി/പി-10-45/17 തീയതി 23-01-2017 |
| 2016-17 | കെ.എസ്.എ/എഎൽപി/പി-10-667/17 തീയതി. 08.06.2017 |
| 2017-18 | കെ.എസ്.എ/എഎൽപി/പി-10-318/19 തീയതി.6.5.19 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

## അനുബന്ധം.1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**അനുബന്ധം.2**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ